DESPATCHED
30/11/21



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.232(6)/2021/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*2418/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. എം.അബ്ദുൾകലാം,
ജാസ് മൻസിൽ, റ്റി.സി. 49/681,
ന്യൂ റ്റി.സി.69/1116, MRWA 200,
മണക്കാട് പി.ഒ, തിരുവനന്തപുരം-695009 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഫോർട്ട് സോണൽ ആഫീസ്
   തിരുവനന്തപുരം കോർപ്പറേഷൻ

2. അപ്പീൽ അധികാരി &
   അസി. എക്സി. എഞ്ചിനീയർ,
   ഫോർട്ട് സോണൽ ആഫീസ്,
   തിരുവനന്തപുരം കോർപ്പറേഷൻ

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 08.10.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 09.11.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 27.11.2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 12.02.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 12.02.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 12.03.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 22.04.2021 |
| ആഡിയോ ഹിയറിംഗ് തീയതി | 10.11.2021 |

| | |
|---|---|
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായില്ല |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എം. അബ്ദുൾകലാം കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ യാതൊരു മറുപടിയും ലഭ്യമായില്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേലും ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ കമ്മീഷൻ ടിയാന് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 08.10.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, നസീറാബീവി നിർമ്മിച്ച കെട്ടിടത്തെയും പെർമിറ്റിനേയും കുറിച്ച് ടിയാൾ നിരവധി പരാതികൾ നൽകിയിട്ടുണ്ടെന്നും ഇപ്രകാരം നൽകിയ പരാതികളുടെ കോപ്പികൾ കോടതിയിൽ ഹാജരാക്കുന്നതിനുവേണ്ടി നൽകണമെന്നാണ്. ഒന്നാം എതിർകക്ഷി യാതൊരു മറുപടിയും നൽകിയതായി കാണുന്നില്ല. ആയതിനാൽ ടിയാൻ 09.11.2020 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷയിന്മേൽ 27.11.2020 ൽ ഫീസ് അടക്കാൻ നിർദ്ദേശിച്ചതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി 15.04.2021 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നിലവിൽ ലഭ്യമായ അപേക്ഷകളുടെ പകർപ്പുകൾ സൗജന്യമായി രജിസ്റ്റേർഡ് തപാലിൽ അയച്ചു നൽകിയിട്ടുള്ളതാണെന്നാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 08.10.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നില്ല. ആയത് ഒന്നാം എതിർകക്ഷിയുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയായി കമ്മീഷൻ കാണുന്നു. വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകിയാൽ ആയതിന് 30 ദിവസത്തിനകം മറുപടി നൽകേണ്ടതാണ്. മറുപടി നൽകാതിരിക്കുന്നത് വിവരം നിഷേധിക്കുന്നതിന് തുല്യമാണ്. ഇപ്രകാരം വിവരം നൽകാതിരുന്ന എസ്.പി.ഐ.ഒ.യുടെ നടപടി വിവരാവകാശ നിയമം 7(1) വകുപ്പ് പ്രകാരം കുറ്റകരവും വകുപ്പ് 20(1) പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി ഒന്നാം എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

5. ഹിയറിംഗിൽ ഒന്നാം എതിർകക്ഷി മൊഴി നൽകിയത് ട്രിബ്യൂണൽ കോടതിയിൽ കേസ് പരിഗണനയിലായിരുന്നതിനാലാണ് വിവരങ്ങൾ നൽകാൻ കഴിയാത്തതെന്നാണ്. എന്നാൽ ലഭ്യമായ അപേക്ഷകളുടെ പകർപ്പ് കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടതിനു ശേഷം അയച്ചു നൽകിയതായി കാണുന്നു. 10.11.2021 തീയതി കമ്മീഷൻ നടത്തിയ ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജിക്കാരന് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം അറിയിക്കുകയോ ചെയ്തിട്ടില്ല. എങ്കിലും ടിയാൻ ആവശ്യപ്പെട്ട മറ്റു പകർപ്പുകൾ കൂടി ഒരു പ്രത്യേക ടീമിനെ

നിയോഗിച്ച് 30 ദിവസത്തിനകം അന്വേഷിച്ച് കണ്ടെത്താൻ ശ്രമം നടത്തേണ്ടതാണ്. ആയതിനു ശേഷം ഒന്നാം എതിർകക്ഷി ടി നടപടിക്രമങ്ങളെക്കുറിച്ച് വിശദമായ സത്യവാങ്മൂലം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതുമാണ് എന്നു കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 16-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp